# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1403 — 14.6.2013-ൽ മറുപടിക്ക്

## അങ്കമാലി നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) അങ്കമാലി നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | എ) ഗതാഗതക്കുരുക്കിന് കാരണമാകുന്ന അനധികൃത കച്ചവടം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ നഗരസഭ ആരംഭിച്ചു കഴിഞ്ഞു. ഗതാഗതത്തിനും കാൽനടയാത്രക്കാർക്കും തടസ്സമായി നിൽക്കുന്ന പരസ്യബോർഡുകളും ഫ്ളക്സ് ബോർഡുകളും മറ്റും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി തിരക്കുള്ള സമയം ഗതാഗതനിയന്ത്രണത്തിനായി കൂടുതൽ പോലീസുകാരെ നിയോഗിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാഷണൽ ഹൈവേ ടൗൺഭാഗത്തും അനധികൃത പാർക്കിംഗ് കണ്ടെത്തി നടപടി സ്വീകരിച്ചു വരുന്നു. ടൗണിൽ മീഡിയൻ ചാടിക്കടന്ന് കാൽനടയാത്രക്കാർ ക്രോസ് ചെയ്യുന്നത് ഒഴിവാക്കുവാൻ മീഡിയൻ അടച്ചുകെട്ടുന്നതിനും, ടൗണിലുള്ള യു ടേണുകളുടെ എണ്ണം കുറയ്ക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.<br>സ്ഥലം എം.പി, എം.എൽ.എ എന്നിവരുടെ സാന്നിധ്യത്തിൽ ഏറ്റവും അടുത്ത തീയതിയിൽ ട്രാഫിക് അഡ്വൈസറി യോഗം കൂടുന്നതിന് |

തീരുമാനിച്ചിട്ടുണ്ട്.
അങ്കമാലി നഗരം ഉൾപ്പെടുന്ന എൻ.എച്ച്.47 ഇപ്പോൾ NHAIയുടെ അധീനതയിലാണ്. ഗതാഗതക്കുരുക്ക് ഒഴിവാക്കാനായി അങ്കമാലിയിൽ ഒരു ബൈപ്പാസ് നിർമ്മിക്കാനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് RBDCKയെ ഏൽപിച്ചിട്ടുണ്ട്. ടി ബൈപ്പാസിന്റെ നിർമ്മാണം പൂർത്തിയാകുമ്പോൾ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ സാധിക്കും.

| | |
|---|---|
| ബി) 11.7.2011 - ലെ ട്രാഫിക് അഡ്വൈസറി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | ബി) ട്രാഫിക് അഡ്വൈസറി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിയാത്തത് എം.സി.റോഡ്, നാഷണൽ ഹൈവേയും സംഗമിക്കുന്ന അങ്കമാലി ജംഗ്ഷനിൽ വന്നു ചേരുന്ന വാഹനങ്ങൾക്ക് പോകുന്നതിനും വരുന്നതിനും റോഡിന് മതിയായ വിസ്തൃതി ഇല്ലാത്തതു കൊണ്ടും ടൗണിൽ സമീപ പ്രദേശങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾക്ക് മതിയായ പാർക്കിംഗ് സൗകര്യം ഇല്ലാത്തതുകൊണ്ടും വാഹനങ്ങളെ ശരിയായ വിധത്തിൽ നിയന്ത്രിക്കുവാൻ സാധിക്കുന്നില്ല. എങ്കിലും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് പരമാവധി ശ്രമിച്ചു വരുന്നു. |
| സി) ഈ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് വിയോജിക്കുന്ന വകുപ്പുകൾ ഏതെല്ലാമെന്നും ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | സി) ബന്ധപ്പെട്ട വകുപ്പുകൾ നാളിതുവരെ യാതൊരു വിയോജിപ്പും അറിയിച്ചിട്ടില്ല. തീരുമാനങ്ങൾ മുനിസിപ്പാലിറ്റിയും മോട്ടോർ വെഹിക്കിൾ വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു. |
| ഡി) ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനു വേണ്ടി 20 പോലീസുകാരെ നിയോഗിക്കുന്നതിനായി നഗരഭാ കൗൺസിൽ സമർപ്പിച്ച പ്രമേയത്തിൽ ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | ഡി) നിലവിലുള്ള ഗതാഗതം നിയന്ത്രിക്കുന്നതിനായി പരമാവധി പോലീസ് ഉദ്യോഗസ്ഥരേയും ഹോം ഗാർഡുകളേയും അങ്കമാലിസ്റ്റേഷനിൽ നിന്നും നിയോഗിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ